# 28-02-2019 തീയതി ചങ്ങനാശേരിയിൽ കൂടിയ സംയുക്ത ക്രൈസ്തവ സമ്മേളനം ചർച്ച് പ്രോപ്പർട്ടി ബിൽ 2019 സംബന്ധിച്ച് പുറപ്പെടുവിക്കുന്ന പ്രസ്താവന.

അടുത്തയിടെ സംസ്ഥാന നിയമപരിഷ്ക്കരണ കമ്മീഷൻ കേരള സർക്കാരിനു സമർപ്പിച്ച ചർച്ച് പ്രോപ്പർട്ടി ബിൽ 2019 കേരള ക്രൈസ്തവ സഭയ്ക്ക് ആവശ്യമില്ല, അത് സ്വീകാര്യവുമല്ല; അതിനാൽ അത് പിൻവലിക്കണം.

സഭാ സ്വത്തുക്കളുടെ ഭരണത്തിന് വ്യവസ്ഥാപിതവും പരമ്പരാഗതവുമായ രീതിയും സുതാര്യമായ സംവിധാനങ്ങളും കേരളത്തിലെ സഭകൾക്ക് ഉണ്ട്. ഇത് നൂറ്റാണ്ടുകളായി സഭാ നിയമമനുസരിച്ചും രാജ്യനിയമങ്ങൾക്ക് വിധേയപ്പെട്ടും നിർവ്വഹിച്ചു വരുന്നു. സ്വത്തുക്കളെ സംബന്ധിച്ചും സഭാംഗങ്ങൾക്കിടയിലുള്ള തർക്കങ്ങളെ സംബന്ധിച്ചും പരിഹാര വേദികളും മാർഗ്ഗങ്ങളും സഭയിൽ ഉണ്ട്. കൂടാതെ നിലവിൽ രാജ്യത്തെ നിയമ സംവിധാനങ്ങളുടെയും കോടതികളുടെയും പരിധിയിൽ ഇത്തരം സഭാ വിഷയങ്ങൾ വരുന്നുമുണ്ട്. അതിനാൽ ഇക്കാര്യങ്ങൾക്കായി പുതിയ ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല; അതിന് പ്രസക്തിയുമില്ല.

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള സംവിധാനങ്ങളാണ് ഭാരത്തിലെ മതങ്ങൾ. മതസ്വാതന്ത്ര്യവും, മതവിഭാഗങ്ങൾക്ക് സ്ഥാപനങ്ങൾ നടത്തുന്നതിനും സ്വത്തുക്കൾ ആർജിക്കുന്നതിനും അവയുടെ ഭരണം നടത്തുന്നതിനുമുള്ള അവകാശവും ഭരണഘടന പ്രദാനം ചെയ്യുന്ന മൗലീക അവകാശങ്ങളാണ്. വിവിധ മതവിഭാഗങ്ങൾ തങ്ങളുടെ വിശ്വാസ സ്വാതന്ത്ര്യവും, സ്വത്ത് സംരക്ഷണാവകാശവും ഇപ്രകാരം നിർവ്വഹിച്ചു വരുമ്പോൾ ക്രൈസ്തവ വിഭാഗങ്ങൾക്ക് മാത്രമായി ഇത്തരമൊരു നിയമനിർമ്മാണം നടത്തുവാൻ ശ്രമിക്കുന്നത് മതനിരപേക്ഷതയുടെ ചൈതന്യത്തിന് നിരക്കാത്തതാണ്. ഇതിനു പിന്നിൽ നിക്ഷിപ്ത താല്പര്യങ്ങൾ ഉണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കേരള സഭയുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ഓരോ സഭയിലും നൂറ്റാണ്ടുകളായി നിലവിലുള്ള രീതിയെ മാറ്റിമറിച്ച്, സഭാ സ്വത്തുക്കളെ സർക്കാർ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരുവാനുള്ള നീക്കമാണ് പുതിയ ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്ന് കേരള ക്രൈസ്തവ സഭ ആശങ്കപ്പെടുന്നു. അതിനാൽ ഇന്ത്യൻ ഭരണഘടന മതങ്ങൾക്ക് നൽകുന്ന മൗലീക അവകാശങ്ങളിൽ കടന്നു കയറുന്നതിനോ, ഈ അവകാശങ്ങളെ നിയന്ത്രിക്കുന്നതോ, ആയ ഒരു നീക്കവും ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല.

സഭാസ്വത്തുക്കളുടെ ഇപ്പോഴത്തെ സമാധാന പൂർണ്ണവും ക്രമവൽകൃതവുമായ ഭരണം തർക്കങ്ങളും വ്യവഹാരങ്ങളും കൊണ്ട് കലുഷിതമാക്കുവാൻ ഇത്തരം നീക്കങ്ങൾ ഇടയാക്കും. സഭയുടെ ആന്തരിക സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്നതും സഭാ സ്വത്തുക്കളുടെ മേൽ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമായ നിയമ നിർമ്മാണങ്ങൾ അംഗീകരിക്കാനാവില്ല. ഇതിനെതിരെ വിശ്വാസികളുടെ സമൂഹം ജാഗ്രതയുള്ളവരാണ്. ആവശ്യസമയത്ത് വേണ്ട പ്രതികരണങ്ങൾ നടത്തുവാൻ അവർ സജ്ജരുമാണ്.

അതിനാൽ കേരളസഭ ഈ കരട് ബില്ലിനെതിരെ ശക്തമായ അഭിപ്രായവും വിയോജിപ്പും രേഖപ്പെടുത്തുന്നു. ഈ ബിൽ സംബന്ധിച്ച് വിവിധ രാഷ്ട്രീയപാർട്ടികൾ അവരുടെ നിലപാടുകൾ വ്യക്തമാക്കണമെന്നും കേരളാ ഗവൺമെന്റ് ഈ റിപ്പോർട്ട് തള്ളിക്കളയണമെന്നും യോഗം ആവശ്യപ്പെടുന്നു. അല്ലാത്ത പക്ഷം ശക്തമായ തുടർ പ്രതിഷേധവും തുടർ നിയമ നടപടികളും ഉണ്ടാകുമെന്നും യോഗം മുന്നറിയിപ്പ് നല്കുന്നു.